



# 2000 മാർച്ച് 25–ന് കഞ്ചിക്കോട് മാതാവ് നൽകിയ പ്രാർത്ഥന




ഓ എന്റെ ഉണ്ണീശോ, ഭാഗ്യപൂർണ്ണയായ മാതാവ് ഉണ്ണീശോയെ തന്റെ ഉദരത്തിൽ സ്വീകരിച്ച ദിവസങ്ങളിൽ തന്നെ വന്ധ്യയും പ്രായമുള്ളവളുമായ ഇളയമ്മയ്ക്ക് ഇത് ആറാം മാസമാണെന്നറിഞ്ഞ് ഓടിയത് ആ ഇളയമ്മയുടെ പക്കലേയ്ക്കാണല്ലോ. മാതാവിന്റെ ഉദരത്തിൽ, ഏതാനും ദിവസം മാത്രം പ്രായമായ ഉണ്ണീശോയുടെ സാന്നിദ്ധ്യത്തിൽ, ഏലിശ്വായുടെ ഉദരത്തിലെ ആറുമാസം മാത്രം പ്രായമായ സ്നാപകയോഹന്നാൻ കുതിച്ചുചാടിയല്ലോ! ഉരുവായിട്ട് ഏതാനും ദിവസം മാത്രം പ്രായമായ മാതാവിന്റെ ഉദരത്തിലുള്ള ഭ്രൂണം കർത്താവാണെന്നും, മറിയം ആ കർത്താവിന്റെ അമ്മയാണെന്നും ഏലീശ്വാ ദൈവനിവേശനത്താൽ വിളിച്ചു പറഞ്ഞത് ഈ ലോകം അറിയട്ടെ.

കുഞ്ഞ് ഉരുവായ നിമിഷം മുതൽ താൻ സത്യത്തിൽ അമ്മയാണെന്നറിയാതെ പൊന്നുണ്ണീശോയെ! സ്വാർത്ഥമോഹങ്ങളാൽ അനേകം അമ്മമാർ ഓടുന്നത് ഹേറോദേസിന്റെ പക്കലേക്കാണോ? ഉരുവാകുന്നതിന് മുമ്പേ ഓരോരുത്തരുടേയും രൂപം സ്വന്തം കൈകളിൽ വരച്ചുനോക്കിയിരിക്കുന്ന പിതാവായ ദൈവത്തിന്റെ ആത്മാവിന്റെ നൊമ്പരമറിയാൻ അമ്മയുടെ ഹൃദയത്തെ ജ്വലിപ്പിക്കുമോ? അമ്മയുടെ ഉദരത്തിൽ ആ അമ്മയുടെ കുഞ്ഞിന്റെ മരണമണി വൈദ്യൻ മുഴക്കുമ്പോൾ, യേശുവിന്റെ സ്നേഹത്താൽ കുതിച്ചു ചാടേണ്ട കുഞ്ഞിന്റെ ഹൃദയമിടിപ്പ്, ഈശോയെ, ആര് കേൾക്കാൻ? ഉദരത്തിലും രക്തധമനികളിലും നിറയുന്ന കടുംവേദനയാൽ പുളയുന്ന അമ്മ സഹിക്കാൻ വയ്യാതെ കണ്ണിറുക്കുമ്പോൾ ആ കുഞ്ഞിന്റെ നെട്ടോട്ടം കണ്ട് കരയുന്ന ഈശോ! അത് കാണാൻ ആ അമ്മയുടെ കണ്ണ് തുറക്കണേ. രക്തപങ്കിലയായ അമ്മയെ രക്ഷിക്കാൻ കുരിശിൽ കിടന്ന്പിടഞ്ഞ് നീയൊഴുക്കിയ തിരുരക്തമൊഴുക്കുന്ന കാരുണ്യം ആ അമ്മ എന്നെങ്കിലും അറിഞ്ഞിരുന്നെങ്കിൽ! മുറിഞ്ഞ് മരവിച്ച് കിടക്കുമ്പോഴും ഹൃദയമിടിച്ചു കരയുന്ന ആ കുഞ്ഞിനെ തോളിലേറ്റാൻ, മുറിവേറ്റ കുഞ്ഞാടിനെ തേടി വരുന്ന ഈശോ! ആ കുഞ്ഞിനെ അങ്ങ് തോളിലേറ്റുന്ന ദർശനം കാണാൻ ആവശ്യമായ പശ്ചാത്താപം, ഈ പാപത്തിന് കൂട്ടുനിന്ന എല്ലാ അമ്മമാർക്കും കൊടുക്കണേ. ഇതിന് മൂകമായി സാക്ഷ്യം വഹിക്കുന്ന ശുശ്രൂഷാലയങ്ങളെ സ്നേഹവും ജീവനും പകരുന്ന ആലയങ്ങളാക്കി മാറ്റണേ.

'ഉണ്ടാകട്ടെ' എന്ന വചനശക്തിയാൽ 'ജീവൻ ഉണ്ടായ' അനർഘ നിമിഷങ്ങളെ കുറിച്ച് ബോധവാന്മാരാകാതെ അറവുശാലയിലെ കശാപ്പുകാരായി മാറുന്ന വൈദ്യന്മാർക്ക് വചനശക്തിയിലൂടെ പാപബോധം കൊടുക്കണമേ. ജഡീകസുഖത്തിനുമാത്രം പ്രാധാന്യം കൊടുക്കുന്ന പിതാക്കന്മാർ സ്ത്രീത്വത്തിന്റെ വില മനസ്സിലാക്കാതെ ഈ പാപത്തിന് കൂട്ട് നിൽക്കുന്ന ഈ കാലഘട്ടത്തിൽ, ഈശോയെ അങ്ങയുടെ വളർത്തു പിതാവിന്റെ മാതൃക ഇവരിൽ നിറയ്ക്കണമേ. കരയാനോ, എതിർക്കാനോ കഴിയാതെ ഇവരുടെ ക്രൂരതകൾക്കിരയായി, ഈ ലോകത്തു ജീവിക്കുവാൻ, അർഹത നഷ്ടപ്പെട്ടുപോയ മക്കളുടെ ആത്മാക്കൾ ഇവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്ന ബോധ്യത്തിലൂടെ ഗർഭഛിദ്രം ചെയ്തവർ സൗഖ്യം പ്രാപിക്കുമെന്നും ലോകം അറിയട്ടെ.

അമ്മേ, മാതാവേ, അമ്മയുടെ വിമലഹൃദയത്തിലേക്ക് ഇവരെ സമർപ്പിക്കുമ്പോൾ മുറിവേൽക്കുന്ന കുഞ്ഞുങ്ങളെ ആത്മീയോദരത്തിൽ വഹിക്കുന്ന ആത്മീയ ശുശ്രൂഷകരാകുവാൻ ഇവരെ ഒരുക്കണമെന്ന് കേണപേക്ഷിക്കുന്നു. അതുവഴി ലോകം മുഴുവനും ഈ പാപശാപത്തിൽ നിന്നും മോചനം പ്രാപിക്കട്ടെ.

സകലവിശുദ്ധരെ! മാലാഖമാരെ! പ്രാർത്ഥിക്കണെ. ആമ്മേൻ.





